പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2201 — 07.07.2015 ൽ മറുപടിയ്ക്ക്

## യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ സൗജന്യ കോച്ചിംഗ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.റ്റി. ബൽറാം:<br>ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. പി.സി. വിഷ്ണുനാഥ്: | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) യുവജന ബോർഡിന്റെ നേതൃത്വ ത്തിൽ ഉദ്യോഗാർത്ഥികൾക്ക് മത്സരപരീക്ഷകൾക്കായി സൗ ജന്യ കോച്ചിംഗ് ക്ലാസ്സുകൾ നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വ്യക്തമാ ക്കുമോ; | എ) ഉണ്ട്. യുവജനക്ഷേമ ബോർഡിന്റെ നേതൃത്വ ത്തിൽ എംപ്ലോയ്മെന്റ് ഡയറക്ടറേറ്റുമായി സഹകരിച്ച് സൗജന്യ പി.എസ്.സി - എൽ.ഡി.സി പരീക്ഷാ പരിശീലനവും, ബാങ്കിംഗ് (ഐ.ബി.പി.എസ്) പരീക്ഷാ പരിശീലനവും നൽകുന്ന പദ്ധതിക്ക് 2013 ഒക്ടോബർ മാസത്തിൽ തുടക്കം കുറിച്ചു സംസ്ഥാനത്തെ 17 കേന്ദ്രങ്ങളിൽ ബാങ്കിംഗ് പരീക്ഷാ പരിശീലനവും 75 കേന്ദ്രങ്ങളിൽ എൽ.ഡി. സി പരീക്ഷാ പരിശീലനവും നടത്തുകയുണ്ടായി. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; | ബി) വിദഗ്ധരായ അദ്ധ്യാപകരുടെ സേവനം ഉപയോ ഗപ്പെടുത്തി സാധാരണക്കാർക്കും, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ യുവജനങ്ങൾക്കും സൗജന്യമായി മത്സര പരീക്ഷകൾക്കുള്ള പരിശീലനം നൽകി സർക്കാർ/ പൊതു മേഖലാ സ്ഥാപനങ്ങ ളിലെ വിവിധതരം ജോലികൾ നേടിയെടുക്കുന്നതിന് യുവാക്കളെ പ്രാപ്തരാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം |
| (സി) ഏതൊക്കെ പരീക്ഷകൾക്കാണ് കോച്ചിംഗ് നൽകുന്നത് ; | സി) പി.എസ്.സി , യു.പി.എസ്.സി / ബാങ്കിംഗ് മേഖല കളിലെ പരീക്ഷകൾക്കാണ് പരിശീലനം നൽകിയത്. |
| (ഡി) പദ്ധതിയെക്കുറിച്ച് ഉദ്യോഗാർ ത്ഥികളുടെയിടയിൽ പ്രചാരം നൽകുന്ന കാര്യം പരിഗണി ക്കുമോ ? | ഡി) വേണ്ടത്ര പ്രചാരണം നൽകിയാണ് പദ്ധതി നടപ്പാക്കിയത്. |

സെക്ഷൻ ഓഫീസർ